പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4428 19.10.2011-ൽ മറുപടിയ്ക്ക്

**'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്'**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു : | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് മന്ത്രി | |
| (എ) | 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' എന്ന പദ്ധതി പ്രകാരം എത്ര സ്കൂളുകളിൽ എത്ര കോഴിക്കുഞ്ഞുങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' പദ്ധതി പ്രകാരം സംസ്ഥാനത്തെ 72 സ്കൂളുകളിൽ 9,077 വിദ്യാർത്ഥികൾക്ക് 27,008 കോഴിക്കുഞ്ഞുങ്ങളെ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ പദ്ധതി ഉപേക്ഷിക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. |
| (സി) | നിലവിലുണ്ടെങ്കിൽ, തളിപ്പറമ്പു നിയോജക മണ്ഡലത്തിലെ നിർദ്ദേശിക്കപ്പെട്ട സ്കൂളുകളിൽ എന്തുകൊണ്ടാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാത്തതെന്ന് വ്യക്തമാക്കാമോ; | (സി) | തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യേണ്ട സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കി വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ഡി) | പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത പദ്ധതി ഇപ്പോഴും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ